# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യ നമ്പർ - 776 | 05.02.2020 ലെ മറുപടിയ്ക്ക് |
|---|---|

**പട്ടികജാതി കോളനികളുടെ നവീകരണപ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി. കെ. സി. മമ്മത് കോയ | | എ.കെ ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | കേരളത്തിലെ പട്ടികജാതി കോളനികളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ പട്ടികജാതി കോളനികളുടെ നവീകരണത്തിനായി 2016-17 സാമ്പത്തിക വർഷം മുതൽ അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നു. അടിസ്ഥാന സൗകര്യ വികസനത്തിൽ പിന്നാക്കം നിൽക്കുന്നതും, നാൽപ്പതോ അതിലധികമോ പട്ടിക ജാതി കുടുംബങ്ങൾ അധിവസിക്കുന്നതുമായ പട്ടിക ജാതി കോളനികളെ തെരെഞ്ഞെടുത്ത് പരമാവധി ഒരു കോടി രൂപ വരെയുള്ള വികസന പ്രവർത്തനങ്ങൾ നടത്തി വരുന്നു. 2019-20 സാമ്പത്തിക വർഷം മുതൽ 30-ൽ അധികം പട്ടികജാതി കുടുംബങ്ങൾ ഉള്ള കോളനികളെയാണ് പദ്ധതി പ്രകാരം തെരെഞ്ഞെടുക്കുന്നത്. ഒരു കോളനിയിൽ പരമാവധി 50 ലക്ഷം രൂപയുടെ നിർമ്മാണ പ്രവൃത്തികളാണ് നടപ്പാക്കുന്നത്. |
| (ബി) | സംസ്ഥാനത്ത് ഇതുവരെ എത്ര കോളനികൾക്ക് ഇതിനായി തുക നൽകി; ഇതിൽ കോഴിക്കോട് ജില്ലയിൽ എത്ര കോളനികൾക്ക് തുക നൽകി; വർഷം തിരിച്ച് കണക്കുകൾ നൽകാമോ? | (ബി) | സംസ്ഥാനത്ത് ഇതുവരെ 361 കോളനികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുക അനുവദിച്ചിട്ടുണ്ട്. |

| സാമ്പത്തിക വർഷം | കോളനികളുടെ എണ്ണം | തുക |
|---|---|---|
| 2016-17 | 21 | 10,50,00,000/- |
| 2018-19 (പ്രളയാനന്തര കോളനികളുടെ പുനഃനിർമ്മാണം) | 1 | 10,50,961/- |
| 2019-20 | 9 | 90,00,000/- |

സെക്ഷൻ ഓഫീസർ